(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യോഗ്യതയുള്ള സ്റ്റാഫിനെ നിയമിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അറ്റോമിക് എനർജി റഗുലേറ്ററി ബോർഡ്, ബോംബെ-യെ ഈ വിവരം അറിയിച്ചിട്ടുണ്ട്.

(സി) പുതിയ നിയമനിർമ്മാണം ആവശ്യമില്ല. (അണുശക്തി ആക്ട് അറ്റോമിക് എനർജി ആക്ട് 1962) റേഡിയേഷൻ സുരക്ഷാ നിയമം (റേഡിയേഷൻ പ്രൊട്ടക്ഷൻ റൂൾ 1971) എന്നീ നിയമങ്ങൾ അനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ എക്സ്റേ മെഷീനുകളുടേയും പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്ടി വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യം സർക്കാരിന്റെ ആലോചനയിലാണ്.

അന്വേഷണ കമ്മീഷനുകളുടെ പ്രവർത്തനം

* 8 [158] ശ്രീ. എം. കുമാരൻ:

,, കെ. പി. രാജേന്ദ്രൻ:

,, എൻ. രാജൻ:

,, പി. എസ്. സുപാൽ:

,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഏതെല്ലാം സംഭവങ്ങളിലാണ് ജുഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അന്വേഷണ കമ്മീഷനുകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഏതെല്ലാം കമ്മീഷനുകളുടെ റിപ്പോർട്ടുകളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകളിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ ആന്റ് ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1952-ലെ അന്വേഷണ കമ്മീഷൻ ആക്ട് പ്രകാരം സംസ്ഥാനത്ത് താഴെപറയുന്ന നാല് അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1) 2001 ഡിസംബറിൽ തിരുവനന്തപുരം തുമ്പയിലുണ്ടായ പോലീസ് വെടിവെയ്പിനെക്കുറിച്ച് അന്വേഷിക്കുവാൻ നിയമിച്ച ശ്രീ. രാജപ്പൻ ആചാരി അന്വേഷണ കമ്മീഷൻ;

(2) 2002 ജൂലൈ മാസത്തിൽ കോട്ടയം കുമരകത്തുണ്ടായ ബോട്ട് അപകടത്തെക്കുറിച്ച് അന്വേഷിക്കുവാൻ നിയമിച്ച ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് അന്വേഷണ കമ്മീഷൻ;

(3) 2003 ഏപ്രിൽ മാസത്തിൽ കൊല്ലം കുപ്പണയിലുണ്ടായ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കുവാൻ നിയമിച്ച ശ്രീ. ജസ്റ്റിസ് റ്റി. കെ. ചന്ദ്രശേഖരദാസ് അന്വേഷണ കമ്മീഷൻ;

(4) 2003 മേയ് മാസത്തിൽ കോഴിക്കോട് മാറാടുണ്ടായ സംഭവങ്ങളെ ക്കുറിച്ച് അന്വേഷിക്കുവാൻ നിയമിച്ച ശ്രീ. തോമസ് പി. ജോസഫ് അന്വേഷണ കമ്മീഷൻ;

(സി ആന്റ് ഡി) ശ്രീ. രാജപ്പനാചാരി കമ്മീഷനും, ശ്രീ. ജസ്റ്റിസ് നാരായണക്കുറുപ്പു കമ്മീഷനും റിപ്പോർട്ടുകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ രണ്ടു റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കുവാനുണ്ട്. ശ്രീ. ജസ്റ്റിസ് റ്റി. കെ. ചന്ദ്രശേഖരദാസ് അന്വേഷണ കമ്മീഷൻ, ശ്രീ. തോമസ് പി. ജോസഫ് അന്വേഷണ കമ്മീഷൻ എന്നിവരിൽനിന്നും അന്തിമ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. അന്വേഷണം തുടരുകയാണ്.

കുമരകം ബോട്ടപകടത്തെക്കുറിച്ച് അന്വേഷണം നടത്തിയ ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മീഷൻ റിപ്പോർട്ട് പരിശോധിക്കുകയും ശുപാർശകൾ നടപ്പിലാക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിനുള്ള നടപടി ഗതാഗതവകുപ്പ് സ്വീകരിച്ചു വരികയാണ്. തുമ്പ വെടിവെയ്പിനെക്കുറിച്ച് അന്വേഷണം നടത്തിയ ശ്രീ. രാജപ്പൻ ആചാരി കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു. ശുപാർശകൾ അംഗീകരിക്കുകയുണ്ടായി.

പോലീസ് സ്റ്റേഷനുകൾ കുറ്റാന്വേഷണം, ക്രമസമാധാനം എന്നീ വിഭാഗങ്ങളായി വിഭജനം

* 9 [159] ശ്രീ. ടി. കെ. ദേവകുമാർ:

,, കോടിയേരി ബാലകൃഷ്ണൻ:

,, എ. കെ. ബാലൻ:

,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ കുറ്റാന്വേഷണം, ക്രമ സമാധാനം എന്നീ വിഭാഗങ്ങളായി പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ഈ രീതി നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly